ടത്തുന്ന പ്ലസ്ടുതല പ്രാഥമിക പരീക്ഷയുടെ സൗജന്യ മത്സര പരീക്ഷാ പരിശീലനം സംഘടിപ്പിക്കുന്നു. ക്ലാസുകൾ ജൂലൈ ഒന്നിന് ആരംഭിക്കും. വിവരങ്ങൾക്ക് ഫോൺ: 8078857553, 9847009863, 656077665.

കരയിലെത്തിച്ച ആന്റണിയെ കുഴുപ്പിള്ളിയിലെ സ്വകാര്യ ആശുത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. എങ്കിലും ജീവൻ പണയപ്പെടു

ജില്ലാ പോലീസ് സൂപ്രണ്ട് കെ. കാർത്തിക് വിഷ്ണുവിന് ഉപഹാരം നൽകുന്നു

ത്തി രക്ഷാപ്രവർത്തനം നടത്തിയ രമേഷ് നാട്ടുകാരുടെ ഹീറോ ആയി.

# ലഹരിക്കെതിരേ വിദ്യാർഥികളും യുവജന

**അങ്കമാലി:** ലഹരിവിരുദ്ധ സന്ദേശം പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി നൈപുണ്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി സംഘടിപ്പിക്കുന്ന വിവിധ പരിപാടികളുടെ ഉദ്ഘാടനം സനീഷ് കുമാർ എംഎൽഎ നിർവഹിച്ചു. നൈപുണ്യ കോളജിലെ മയക്കുമരുന്നു വിരുദ്ധ കൂട്ടായ്മയായ ഡയർ ക്ലബും കോളജിലെ എൻഎസ്എസ് യൂണിറ്റും സംസ്ഥാന എക്സൈസ് വകുപ്പുമായി സഹകരിച്ചാണ് പരിപാടികൾ സംഘടിപ്പിക്കുന്നത്. ചാലക്കുടി പ്രൈവറ്റ് ബസ് സ്റ്റാൻഡിൽ ഫ്ലാഷ് മോബും തെരുവു നാടകവും അവതരിപ്പിച്ചു. സിവിൽ എക്സൈസ് ഓഫീസർ ടി.കെ. സന്തോഷ്, വാർഡ് മെമ്പർ പോൾസി ജിയോ, കോളജ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജിമ്മി കുന്നത്തൂർ, അസിസ്റ്റന്റ് പ്രഫ. ജോസഫ് ജെയിംസ്, അസിസ്റ്റന്റ് പ്രഫ. സിറിൽ. ബിഎൻഎസ്എസ് അസിസ്റ്റന്റ് പ്രോഗ്രാം ഓഫീസർ എമിൽ ജോർജ്, പിആർഒ ഗ്ലാഡ്സൺ ജോർജ് എന്നിവർ സന്നിഹിതരായിരുന്നു.

പെരുമ്പാവൂർ: കൂവപ്പടി സെന്റ് ആൻസ് പബ്ലിക് സ്കൂളിൽ ലഹരിവിരുദ്ധ ദിനാചരണത്തിന് മുന്നോടിയായി ജില്ലാ പഞ്ചായത്ത് മെമ്പർ മനോജ് മൂത്തേടന്റെ നേതൃത്വത്തിൽ ബോധവത്കരണ ക്ലാസ് സംഘടിപ്പിച്ചു. യുനസ്കോ മെമ്പർ ഫ്രാൻസിസ് മൂത്തേടൻ ക്ലാസിന് നേതൃത്വം നൽകി. കുന്നത്തുനാട് തഹസിൽദാർ വിനോദ് രാജ് ഉദ്ഘാടനം ചെയ്തു. കോടനാട് പോലീസ് സ്റ്റേഷന്റെ നേതൃത്വത്തിൽ വിവിധ മത്സരങ്ങൾ സംഘടിപ്പിച്ചു. ഇന്നലെ നടന്ന സമ്മേളനത്തിൽ പ്രിൻസിപ്പൽ സിസ്റ്റർ ഷീജ ഫെർണാണ്ടസ് അധ്യക്ഷത വഹിച്ചു. കോടനാട് പോലീസ് സ്റ്റേഷൻ സബ്ഇൻസ്പെക്ടർ പുഷ്പ രാജ് ഉദ്ഘാടനം ചെയ്തു. മത്സരങ്ങളിൽ വിജയികളായവർക്ക് സമ്മാനങ്ങൾ നൽകി. സ്കൂൾ മാനേജർ സിസ്റ്റർ ഗബ്രിയേൽ, വൈസ് പ്രിൻസിപ്പൽ സിസ്റ്റർ ലിജി റോബർട്ട്, കുന്നത്തുനാട് എഎസ്ഐ എം.ജി. സജീവ് എന്നിവർ സന്നിഹിതരായിരുന്നു. ലഹരിവിരുദ്ധ ബോധവത്കരണ റാലിയും നടത്തി.

കാഞ്ഞൂർ: സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂളിൽ ലഹരിവിരുദ്ധദിന റാലി കാലടി എസ്ഐ ജോഷി പോൾ ഫ്ളാഗ് ഓഫ് ചെയ്തു. സ്കൂൾ മാനേജർ റവ. ഡോ. ജോസഫ് കണിയാംപറമ്പിൽ, പ്രധാനാധ്യാപിക ശാലിനി ജിമ്മി, പിടിഎ പ്രസിഡന്റ് എം.പി. സജീവ്, അസി. മാനേജർ ഫാ. അമൽ ഓടനാട്ട് എന്നിവർ നേതൃത്വം നല്കി. കാഞ്ഞൂർ, കാലടി, പുതിയേടം എന്നിവിടങ്ങളിൽ വിദ്യാർഥികൾ അവതരിപ്പിച്ച തെരുവുനാടകം നടന്നു.

മലയാറ്റൂർ: ഗവ എൽപി സ്കൂളിൽ ലഹരി വിരുദ്ധ ബോധവത്കരണ ക്ലാസ് നടത്തി. കാലടി എക്സൈസ് വിഭാഗം വനിത സിവിൽ എക്സൈസ് ഓഫീസർ കെ.ജെ. ധന്യ ക്ലാസ് നയിച്ചു. കാലടി എക്സൈസ് പ്രിവന്റീവ് ഓഫീസർ സി.എ. അബ്ദുൾ കരീം, വനിത സിവിൽ ഓഫീസർ കെ.എം. തസിയ, സ്കൂൾ പ്രധാനാധ്യാപിക പി.ഐ. സീന, വാർഡ് മെമ്പർ ഷിബു പറമ്പത്ത്, പിടിഎ പ്രസിഡന്റ് എം.കെ. ബിജു, അധ്യാപകമാരായ എം.എസ്. ശ്രീജ, എം.ജെ. ദിവ്യ, നിഷി, വി.എസ്. സനിത, സാലി പോൾ തുടങ്ങിയവർ പങ്കെടുത്തു.



ലഹരി വിരുദ്ധ സന്ദേശം പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി നൈപുണ്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി സംഘടിപ്പിച്ച പരിപാടിയിൽനിന്ന്.




പറവൂർ സെന്റ് അലോഷ്യസ് ഹൈസ്കൂളിൽ ലഹരിവിരുദ്ധ ദിനാചരണത്തോടനുബന്ധിച്ചു നടന്ന ബോധവത്കരണ റാലി പോലീസ് സർക്കിൾ ഇൻസ്പെക്ടർ ഷോജോ വർഗീസ് ഫ്ലാഗ് ഓഫ് ചെയ്യുന്നു.

കാലടി: ശ്രീശാരദ വിദ്യാലയത്തിൽ ലഹരി വിരുദ്ധദിന പരിപാടികൾ മുൻ ഡിഐജി ഋഷിരാജ് സിംഗ് ഉദ്ഘാടനം ചെയ്തു. ആദിശങ്കര മനേജിംഗ് ട്രസ്റ്റി കെ. ആനന്ദ് അധ്യക്ഷത വഹിച്ചു. ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ പ്രഫ. സി.പി. ജയശങ്കർ, ജനറൽ മാനേജർ എൻ. ശ്രീനാഥ്, പ്രിൻസിപ്പൽ ഡോ. ദീപ ചന്ദ്രൻ, ആദിശങ്കര ട്രെയിനിംഗ് കോളജ് പ്രിൻസിപ്പൽ എൻ.കെ. അർജുനൻ, വൈസ് പ്രിൻസിപ്പൽ വി. പ്രസീദ, ദിവ്യ, മഞ്ജുഷ വിശ്വനാഥ്, രേഖ ആർ. പിള്ള തുടങ്ങിയവർ പങ്കെടുത്തു. ലഹരിക്കെതിരെ കുട്ടികൾ തയാറാക്കിയ ദൃശ്യാവിഷ്കാരവും ഉണ്ടായിരുന്നു.

ആലുവ: അന്താരാഷ്ട്ര ലഹരിവിരുദ്ധദിനത്തോടനുബന്ധിച്ച് ആലുവ നഗരസഭ ശതാബ്ദി ആഘോഷത്തിന്റെ ഭാഗമായി സാമൂഹ്യ ബോധവൽകരണത്തിന് ആലുവ സെന്റ് മേരീസ് ഹൈസ്കൂളിൽ തുടക്കമായി. നഗരസഭ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ഫാസിൽ ഹുസൈൻ അധ്യക്ഷത വഹിച്ചു.

നഗരസഭ പ്രസിദ്ധീകരിച്ച 'ആലുവ നഗരം ലഹരിമുക്ത നഗരം' ബുക്ക് ലെറ്റിന്റെ പ്രകാശനം സെന്റ് മേരീസ് ഹൈസ്കൂൾ ഹെഡ്മാസ്റ്റർ സാജു കെ. ജോസിന് നൽകി നഗരസഭ വൈസ് ചെയർപേഴ്സൺ സൈജി ജോളി നിർവഹിച്ചു. സാമൂഹ്യ പ്രവർത്തകൻ ചിന്നൻ ടി. പൈനാടത്ത് മുഖ്യപ്രഭാഷണം നടത്തി. സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ലത്തീഫ് പൂഴിത്തറ, ചെയർപേഴ്സൺ ലിസി ജോൺസൺ, കൗൺസിലർമാരായ കെ. ജയകുമാർ, ജെയിൻ പീറ്റർ എന്നിവർ പ്രസംഗിച്ചു.

പറവൂർ: പറവൂർ സെന്റ് അലോഷ്യസ് ഹൈസ്കൂളിൽ ലഹരി

## ഉദ്ഘാടനം നാളെ

## ആളൊഴിഞ്ഞ പറമ്പിൽ മാലിന്യം


28/6
... INSTITUTE OF MANAGEMENT & INFORMATION TECHNOLOGY
LIBRARY
... KORATTY EAST